**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ - ഷീബ ജോർജ്ജ് ഐഎഎസ്)**

തിരുവനന്തപുരം

**ഉത്തരവ് നം. ഇ9/9401/19** | **തീയതി 29/11/2019**

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – 01-01-2013 മുതൽ 31-12-2014 വരെ നിയമനനിർദ്ദേശം ലഭിച്ച ക്ലാർക്ക്, ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് – ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 09/10/2018 ലെ ഇ9-34702/16 നമ്പർ നടപടിക്രമങ്ങൾ
2. സാമൂഹ്യനീതി ഡയറക്ടറുടെ 03/06/2019 ലെ ഇ9-7412/19 നമ്പർ നടപടിക്രമങ്ങൾ
3. ഇലന്തൂർ ശിശുവികസന പദ്ധതി ഓഫീസറുടെ 25/8/19 ലെ ICDS A1-242/19 നമ്പർ കത്ത്
4. ശ്രീ.ശ്രീകുമാർ.ബി, ക്ലാർക്കിന്റെ 18/11/2019 ലെ അപേക്ഷ

സാമൂഹ്യനീതി വകുപ്പിൽ 01-012013 മുതൽ 31-12-2014 വരെ നിയമനനിർദ്ദേശം ലഭിച്ച ക്ലാർക്ക്, ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച ശ്രീ.ദർശൻ.ഡി.കുമാർ, ശ്രീ.ശ്രീകുമാർ.ബി എന്നീ ജീവനക്കാർ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി ജീവനക്കാരെ കൂടി പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ പരാമർശം (3) ,(4) പ്രകാരം ലഭ്യമായിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിൽ 04/02/2013 തീയതിയിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച ശ്രീ.ദർശൻ.ഡി.കുമാറിന്റെ സേവനം ക്രമീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലായിരുന്നതിനാൽ ടിയാനെ ഒഴിവാക്കിയാണ് പരാമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ ടിയാന്റെ സേവനം 04/02/2013 തീയതി പ്രാബല്യത്തിൽ ക്രമീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ

ശ്രീ.ദർശൻ.ഡി.കുമാർ ഉൾപ്പെടുവാൻ അർഹനാണ്. ഈ സാഹചര്യത്തിൽ പരാമർശം (3) ലെ അപേക്ഷയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ പരാമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ശ്രീ.ദർശൻ.ഡി.കുമാറിനെ പരാമർശം (1) അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം. 4 ആയ ശ്രീമതി.അനിത.എ.എസിനും ക്രമ നം. 5 ആയ ശ്രീ.ശങ്കരനാരായണനും ഇടയിൽ ക്രമ നം. 4 എ ആയി ഉൾപ്പെടുത്തേണ്ടതുണ്ട്.

01-012013 മുതൽ 31-12-2014 വരെയുള്ള ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ യഥാസമയം ആക്ഷേപം ഉന്നയിക്കുവാൻ കഴിയാത്തത് മാപ്പാക്കി പരാമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രീ.ബി.ശ്രീകുമാർ, ക്ലാർക്കിന്റെ പരാമർശം (4) ലെ അപേക്ഷ പരിശോധിച്ചു. സാമൂഹ്യനീതി ഡയറക്ടറുടെ 09/04/2014 ലെ ഇ4/27761/12 നമ്പർ നടപടിക്രമ പ്രകാരം കൃഷി വകുപ്പിൽ നിന്നും തസ്തികമാറ്റം മുഖേന 30/04/2014 ൽ സാമൂഹ്യനീതി വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച ശ്രീ.ബി.ശ്രീകുമാർ പരാരമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹനാണ്. ഈ സാഹചര്യത്തിൽ പരാമർശം (4) ലെ അപേക്ഷയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ ശ്രീ.ബി.ശ്രീകുമാറിനെ പരാമർശം (1) അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം. 50 ആയ ശ്രീമതി ജോമി ജോസിനും ക്രമ നം.51 ആയ ശ്രീമതി ദേവി.കെ യ്ക്കും ഇടയിൽ ക്രമ നം. 50 എ ആയി ഉൾപ്പെടുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ , 01-01-2013 മുതൽ 31-12-2014 വരെ നിയമനനിർദ്ദേശം ലഭിച്ച ക്ലാർക്ക്, ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരുടെ പരാമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ശ്രീ.ദർശൻ.ഡി.കമാർ, ശ്രീ.ബി.ശ്രീകുമാർ എന്നീ ജീവനക്കാരെ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി നിയമന നിർദ്ദേശ കത്ത് /സർക്കാർ ഉത്തരവ് നമ്പരും തീയതിയും | ഈ വകുപ്പിൽ നിന്നുള്ള നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി ഉത്തരവ് നമ്പർ | പ്രൊബേഷൻ ഡിക്ലയർ ചെയ്ത പ്രാബല്യ തീയതി ഉത്തരവ് നമ്പർ | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|
| | | | ജനറൽ | ഡിപ്പാർട്ട്മെന്റൽ | | | | | | |
| 4 A | ശ്രീ.ദർശൻ .ഡി.കുമാർ | 7/7/1987 | Plus two | A/C Test (L) 7/2013 | GO(MS) No.65/2012/ SWD dtd 31/10/2012 | E4/7881/12 dtd 23/01/2013 of DSJ | 04/2/2013 | 04/2/2013 E2-7630/12 dtd 03/6/2019 of DSJ | 16/02/2015 E2-7412/19 dtd 05/8/2019 of DSJ | |
| 50 A | ബി.ശ്രീകുമാർ | 12/5/1972 | BA | MOP | ---- | E4/27761/12 dtd 09/04/2014 of DSJ | 30/4/2014 | 30/4/2014 E10-11290/17 dtd 12/12/2017 | 10/02/2017 E2-3546/18 dtd 10/02/2017 of DSJ | Inter department transfer |

പരാമർശം (1) ലെ ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. എല്ലാ കാര്യാലയമേധാവികൾക്കും
3. സൂപ്രണ്ട്, ഐറ്റി സെക്ഷൻ
4. ഇ2 സീറ്റ്
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്